"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സൈനിക ക്ഷേമ വകുപ്പ്- സൈനിക സേവനത്തിനിടെ വടക്കൻ സിക്കിമിലെ കാലപത്തറിൽ വച്ച് മരണപ്പെട്ട ഹവിൽദാർ സുധീഷ് കുമാർ എസ് ന്റെ ഭാര്യ ശ്രീമതി സവിനയ എം വി-യ്ക്ക് റവന്യൂ വകുപ്പിൽ കണ്ണൂർ ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സൈനിക ക്ഷേമ (എ) വകുപ്പ്**

സ.ഉ.(കൈ) നം.1/2024/SWD തീയതി,തിരുവനന്തപുരം, 30-01-2024

---

പരാമർശം:-

1. 29.04.2002 ലെ സ.ഉ (പി) 110/2002/പൊ.ഭ.വ നമ്പർ സർക്കാർ ഉത്തരവ്.
2. 30.10.2023 ലെ സ.ഉ.(കൈ) നം.24/2023/സൈ.ക്ഷേ.വ നമ്പർ ഉത്തരവ്
3. ലാന്റ് റവന്യൂ കമ്മീഷണറുടെ 30.12.2023 ലെ LR/12233/2023-LR(E3) നമ്പർ കത്ത്.

**ഉത്തരവ്**

സൈനിക സേവനത്തിലിരിക്കെ വടക്കൻ സിക്കിമിലെ കാലപത്തറിൽ വച്ച് 01.03.2021 ൽ ഓപ്പറേഷണൽ ഡ്യൂട്ടിക്കിടെ ഉണ്ടായ റോഡ് അപകടത്തിൽ വാഹനം 100 മീറ്റർ താഴ്ചയിലേയ്ക്ക് വീണ് മരണമടഞ്ഞ ഹവിൽദാർ സുധീഷ് കുമാർ എസ് ന്റെ ഭാര്യ ശ്രീമതി സവിനയ എംവി യ്ക്ക് പരാമർ ശം 1 ലെ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം കണ്ണൂർ ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ തൊഴിൽ സഹായം നൽകുന്നതിന് അനുമതി നൽകി പരാമർശം 2 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കണ്ണൂർ ജില്ലയിൽ ക്ലാർക്കിന്റെ ഒഴിവ് റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് നിയമന ഉത്തരവ് നൽകുന്നതാണെന്നും പരാമർശം 2 ൽ ഉത്തരവായിരുന്നു.

2. ശ്രീമതി സവിനയ എം.വി യ്ക്ക് നിയമനം നൽകുന്നതിനായി റവന്യൂ വകുപ്പിൽ കണ്ണൂർ ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ ഒരൊഴിവ് ലഭ്യമാണെന്ന് പരാമർ ശം 3 കത്ത് പ്രകാരം ലാന്റ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. ഈ സാഹചര്യത്തിൽ സൈനിക സേവനത്തിലിരിക്കെ വടക്കൻ സിക്കിമിലെ കാലപത്തറിൽ വച്ച് 01.03.2021 ൽ ഓപ്പറേഷണൽ ഡ്യൂട്ടിക്കിടെ ഉണ്ടായ റോഡ് അപകടത്തിൽ

മരണമടഞ്ഞ കണ്ണൂർ ജില്ലയിൽ കണ്ണൂർ താലൂക്കിൽ മക്രേരി വില്ലേജിൽ മക്രേരി (പി.ഒ), പാഞ്ചജന്യത്തിൽ ഹവിൽദാർ സുധീഷ് കുമാർ എസ് ന്റെ ഭാര്യ ശ്രീമതി സവിനയ എംവി യ്ക്ക് പരാമർശം 1 ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം, റവന്യൂ വകുപ്പിൽ കണ്ണൂർ ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ നിലവിലുള്ള ഒഴിവിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇപ്രകാരം നിയമനം നൽകി ടിയാരിയെ കണ്ണൂർ ജില്ലയിൽ റവന്യൂ വകുപ്പിൽ നിയമിക്കുന്നതിനുള്ള നടപടി ലാന്റ് റവന്യൂ കമ്മീഷണർ സ്വീകരിക്കേണ്ടതാണ്.

4. പ്രസ്തുത നിയമനത്തിന് ചുവടെ ചേർക്കുന്ന നിബന്ധനകൾ ബാധകമായിരിക്കുന്നതാണ്.

1. ഒരിക്കൽ സ്വീകരിച്ച നിയമനം അന്തിമമായിരിക്കും. നിയമന മാറ്റം അനുവദിക്കുന്നതല്ല.

2. നേരിട്ട് നിയമനം നേടുന്ന ജീവനക്കാരെപ്പോലെ തന്നെ ഈ പദ്ധതി പ്രകാരം നിയമനം ലഭിച്ചവർക്കും സ്വഭാവ സർട്ടിഫിക്കറ്റും മറ്റ് ഔപചാരികതകളും ബാധകമാണ്.

3. ഈ പദ്ധതി പ്രകാരം നിയമനം ലഭിക്കുമ്പോൾ ഹാജരാക്കുന്ന യോഗ്യതകളോ, വസ്തുതകളോ പിന്നീട് തെറ്റാണെന്ന് തെളിഞ്ഞാൽ നിയമന ഉത്തരവ് റദ്ദ് ചെയ്യുന്നതായിരിക്കും.

4. അപേക്ഷകന് നിയമന ഉത്തരവ് നൽകിയ വിവരം ലാന്റ് റവന്യൂ കമ്മീഷണർ സർക്കാരിനെ അറിയിക്കേണ്ടതാണ്.

5. നിയമനം കേരള സബോർഡിനേറ്റ് സർവ്വീസ് റൂൾസിന്റെ വ്യവസ്ഥകൾക്ക് അനുസൃതമായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മുഹമ്മദ് റിയാസ്
അഡിഷണൽ സെക്രട്ടറി

പകർപ്പ്-

1. ശ്രീമതി സവിനയ എം.വി, പഞ്ചജന്യം, മക്കേരി പി.ഒ, മക്കേരി വില്ലേജ്, കണ്ണൂർ താലൂക്ക്, കണ്ണൂർ -670 622 (രജിസ്റ്റേർഡ് തപാലിൽ അക്നോളജ്മെന്റ് സഹിതം)
2. കമ്മീഷണർ, ലാന്റ് റവന്യൂ കമ്മീഷണറുടെ കാര്യാലയം, പബ്ലിക് ഓഫീസ്

ബിൽഡിംഗ്, തിരുവനന്തപുരം ( അപേക്ഷയും അനുബന്ധ രേഖകളും സഹിതം).

3. ഡയറക്ടർ, സൈനിക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
5. അക്കൗണ്ടന്റ് ജനറൽ(എ & ഇ), കേരള, തിരുവനന്തപുരം.
6. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി.
7. സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Jenshar
സെക്ഷൻ ഓഫീസർ
Date: 30-01-2024 17:06:22